**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6318** **20.11.2019-ൽ മറുപടിക്ക്**

**ഇതരസംസ്ഥാന തൊഴിലാളികൾ**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായി സർക്കാർ കൊണ്ടുവന്ന ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഇതരസംസ്ഥാന തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കിയ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 12.11.2019 വരെ 470163 പേരെ അംഗങ്ങളായി ചേർക്കുകയും എൻറോൾമെന്റ് നടന്നു വരികയും ചെയ്യുന്നുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിൻ പ്രകാരം 25,00,000 ലധികം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ തൊഴിൽ ചെയ്തുവരുന്നതായി പറഞ്ഞിരുന്നു. |
| (ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലെത്ര പേർ സംസ്ഥാനത്തുണ്ടെന്ന് അറിയിക്കാമോ; | | |
| (സി) പ്രസ്തുത തൊഴിലാളികൾക്ക് ഐ.ഡി. കാർഡ് നൽകുന്നുണ്ടോ; എങ്കിൽ അത് തയ്യാറാക്കുന്നതിന് ഏത് കമ്പനിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. കൽക്കത്ത ആസ്ഥാനമായിട്ടുള്ള M/S സ്മാർട്ട് ഐ.ടി സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയെയാണ് രജിസ്ട്രേഷൻ നടത്തി കാർഡ് വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.